# യാക്കോബ് തന്റെ വടിയിൽ ചാരി ദൈവത്തെ  ആരാധിച്ചു.

സാക് പുന്നൻ

WFTW 01 ഡിസംബർ 2013

എബ്രായെർ 11 അദ്ധ്യായത്തിൽ യാക്കോബിന്റെ  ജീവിതത്തിലെ അവസാന നാളുകളെ കുറിച്ചൊരു സൂചന നല്കുന്നുണ്ട് . അവിടെ പഴയ നിയമത്തിലെ ചില വിശ്വാസ വീരന്മാരുടെ വീര്യ പ്രവർത്തികൾ  സിംഹത്തിന്റെ വായ് അടച്ചതും, മരിച്ചവരെ ഉയർപ്പിച്ചതും തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുണ്ട്. യാക്കോബിന്റെ പേരും അവിടെ വരുന്നുണ്ട്. അദ്ദേഹത്തെ കുറിച്ച് എന്താണ് രേഖപ്പെടുത്തിയിരിക്കുന്നത്? 'തന്റെ വടിയുടെ അഗ്രത്തിൽ ചാരിക്കൊണ്ടു നമസ്കരിക്കുകയും ചെയ്തു' (21 മത്തെ വാക്യം ). അതിശയകരമായ പല സംഭവ ങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഒരു അദ്ധ്യായത്തിൽ ഇത്തരമൊരു കാര്യം ഉൾപ്പെടുത്തിയിരിക്കുന്നത് അസ്ഥാനത്താണെന്നു തോന്നാം.

ഇവിടെ യാക്കോബ് ചെയ്തത് വിശ്വാസത്തിന്റെ ഒരു അത്ഭുത പ്രവർത്തിയായി തോന്നില്ല. എന്നാൽ അങ്ങനെയാണത്.  ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റ് അത്ഭുതങ്ങളെക്കാൾ വലിയ അത്ഭുതമായിരിക്കാം ഇത്. പെനിയേലിൽ വച്ച് നടുവുളുക്കിയതിനാൽ യാക്കോബിനു വടി എപ്പോഴും ആവശ്യമായിരുന്നു. വടിയിൽ ചാരി നിൽക്കുന്പോൾ അദ്ദേഹം ദൈവം തന്റെ  ജീവിതത്തിൽ ചെയ്ത അത്ഭുതം , പിടിവാശിയോടു കൂടിയുള്ള തന്റെ സ്വന്ത ഇഷ്ടത്തെ തകർത്ത ദൈവത്തിന്റെ പ്രവർത്തിയെ  എപ്പോഴും ഓർത്തുകൊണ്ടിരുന്നു. വടിയിൽ ചാരിയുള്ള നിൽപ് അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥയെയും, നിമിഷം തോറും ദൈവത്തിൽ ആശ്രയിക്കുന്നതിനെയുമാണ് സൂചിപിക്കുന്നത്.ഇപ്പോൾ അദ്ദേഹം ദൈവത്തെ ഒരു നുറുക്കപെട്ട മനുഷ്യനെ പോലെയാണ് ആരാധിക്കുന്നത് . തന്റെ അംഗവൈകല്യത്തെയും ബലഹീനതയെയും മഹത്വപെടുത്തുക എന്നായിരുന്നു അദ്ദേഹത്തിന്റെ ദിനം തോറുമുള്ള സാക്ഷ്യം.

അപ്പൊസ്തോലനായ പൗലോസിനെ സംബന്ധിച്ചും അങ്ങനെ തന്നെ ആയിരുന്നു.എല്ലാ തലമുറയിലുള്ള ശക്തരായ ദൈവമനുഷ്യരുടെ കാര്യവും അങ്ങനെ തന്നെയാണ്. അവരുടെ നേട്ടങ്ങളെക്കാൾ അവരുടെ പരിമിതികളിൽ അവർ സന്തോഷിച്ചു. നിഗളത്തിലും സ്വയബലത്തിലും കഴിയുന്ന ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് എത്ര നല്ല ഒരു പാഠമാണിത്.

ജീവിതാവസാനമാകുന്പോൾ യാക്കോബിനെ നാം ഒരു പ്രവാചകനായി കാണുന്നു. അദ്ദേഹം തന്റെ പിന്മുറക്കാരുടെ ഭാവിയെ കുറിച്ച് പ്രവചിക്കുന്നു (ഉൽപ : 49). ദൈവീക നടപടിക്കൾക്ക് വിധേയനായി ദൈവകരങ്ങൾക്ക് കീഴെ സമർപ്പിക്കപെട്ട ഒരാൾക്ക് മാത്രമെ പ്രവചനത്തിനുള്ള യോഗ്യതയുണ്ടാകു. യാക്കോബ് തന്റെ അനുഭവങ്ങളിലൂടെ ചിലത് പഠിച്ചു. അവൻ വേദപഠനശാലയിൽ പഠിച്ച ഒരു വേദശാസ്ത്രപണ്ഡിതൻ ആയിരുന്നില്ല. ദൈവത്തിന്റെ സർവകലാശാലയിൽ നിന്നും നുറുക്കത്തിലൂടെ യോഗ്യത നേടിയവനായിരുന്നു അദ്ദേഹം. ദൈവീക രഹസ്യങ്ങൾ അറിഞ്ഞ ദൈവത്തിന്റെ ഒരു യഥാർത്ഥ രാജകുമാരനായിരുന്നു യാക്കോബ്. ദൈവത്താൽ ശുദ്ധീകരിക്കപെടുക എന്നത് എത്ര മഹത്തായ കാര്യമാണ്. എത്ര നല്ല ഫലമുളവാക്കുന്നതാണ്.

ഒടുവിൽ ശ്രദ്ധിക്കുക, വേദപുസ്തകത്തിലുള്ള ഉത്സാഹിപ്പികുന്ന ഒരു വാക്ക് ദൈവം തന്നെ വിളിക്കുന്നത്  'അബ്രഹാമിന്റെയും ,ഇസഹാകിന്റെയും , യാക്കോബിന്റെയും ദൈവം ' എന്നാണ്. (ഇസ്രായേൽ എന്നല്ല യാക്കോബ് എന്നാണ്).

ഇത് ആശ്ചര്യമാണ്. ആവിടുന്നു യാക്കോബിന്റെ ദൈവമാണ്. അവിടുന്നു തന്റെ പേര് പിടിച്ചുപറിക്കാരനെന്നും ചതിയനെന്നും അർത്ഥമുള്ള യാക്കോബ് എന്ന പേരിനോടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ഇത് നമ്മെ ഉത്സാഹിപ്പിക്കുന്ന കാര്യമാണ്.

നമ്മുടെ ദൈവം വഴിപിഴച്ച സ്വഭാവക്കാരുടെയും ദൈവമാണ്. അവിടുന്ന് കഠിന സ്വാഭാവക്കാരിയായ സ്ത്രീയുടെയും ദൈവമാണ്. എത്ര വലിയ അർത്ഥമാണ് സങ്കീർത്തനക്കരന്റെ ഈ വാക്കുകളിൽ ഉള്ളത് 'യാക്കോബിന്റെ ദൈവം നമ്മുടെ കോട്ടയാകുന്നു' ( സങ്കീ  46: 7,11).അവിടുന്ന് സൈന്യങ്ങളുടെ ദൈവം മാത്രമല്ല യാക്കോബിന്റെയും ദൈവമാണ്. അവിടുത്തെ നാമം മഹത്വപ്പെടുമാറാകട്ടെ.

എന്താണോ ദൈവം നമ്മളിൽ തുടങ്ങിയത് അത് അവിടുന്ന് പൂർത്തിയാക്കും. സൃഷ്ടിക്കായി പിതാവാം ദൈവം ചെയ്ത പ്രവർത്തിയും നമ്മുടെ വീണ്ടെടുപ്പിനായി പുത്രനാം ദൈവം ചെയ്ത പ്രവർത്തിയും എത്രമാത്രം തികവുള്ളതായിരുന്നുവൊ അത്രമാത്രം തികവുള്ളതാണ് പരിശുദ്ധാത്മാവ് ഇന്ന് നമ്മളിൽ ചെയ്യുന്ന വിശുദ്ധീകരണത്തിന്റെ പ്രവർത്തിയും. ദൈവം വിശ്വസ്തനാണ്.

'(നമ്മളിൽ) ഒരു നല്ല പ്രവർത്തി ആരംഭിച്ചവൻ (നമ്മെ) കൃപയിൽ വളരുവാൻ സഹായിക്കും. (നമ്മളിലുള്ള) വേല യേശുക്രിസ്തു മടങ്ങിവരുന്ന നാൾ വരെ തുടരുകയും പൂർത്തിയാക്കുകയും ചെയ്യും (ഫിലി 1:6). യാക്കൊബിലുള്ള തന്റെ വേല പൂർത്തിയാക്കിയതുപോലെ നമ്മിലുള്ള അവിടുത്തെ വേലയും അവിടുന്ന് പൂർത്തിയാക്കും. എന്നാൽ നമ്മളും യാക്കോബ് പെനിയേലിൽ വച്ച് പ്രതികരിച്ചതു പോലെ പ്രതികരിക്കണം. എന്നാൽ നാം അവിടുത്തോട് സഹകരിക്കാതെ അവിടുത്ത വേലയെ തടസ്സപെടുത്തിയാൽ അവസാന നാളിൽ അവിടുത്തെ മുന്പാകെ പാഴാക്കിയ നിഷ്ഫലമായ ജീവിതമെന്ന ദുരന്തമായി നിൽക്കേണ്ടി വരും. നാം ഫലമുള്ളവരാകണമെന്നതാണ് ദൈവഹിതം. എന്നാൽ അവിടുന്ന് നമ്മെ നിർബന്ധിക്കുകയില്ല. നമ്മെ ക്രിസ്തുവിനോട് അനുരൂപമാക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. എന്നാൽ അവിടുന്ന് നമ്മുടെ സ്വതന്ത്രഇച്ഛയുടെമേൽ കടന്നു കയറുകയില്ല.

ക്രിസ്തുവിനോട് അനുരൂപപ്പെട്ട ജീവിതത്തിലേക്കുള്ള വഴി ക്രൂശിലൂടെയുള്ള നുറുക്കത്തിലൂടെയാണ്. ഒരു അണു വിഭചിക്കപ്പെടുന്പോൾ എത്ര വലിയ ശക്തിയാണ് പുറത്തേയ്ക്ക് വരുന്നത്. ദൈവ കരങ്ങളിൽ ഒരു ദൈവ പൈതൽ നുറുക്കപ്പെടുന്പോഴും എത്ര വലിയ ശക്തിയാണ് പുറത്തേയ്ക്ക് വരുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)